ഉത്തരം

(എ) കേരള പഞ്ചായത്ത് (പ്രൊഫഷണൽ ടാക്സ്) റൂൾസ് 1963-ലെ റൂൾ 3 പ്രകാരം അർദ്ധവാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് തൊഴിൽക്കരം ഈടാക്കുന്നത്.

(ബി) ഉണ്ട്.

(സി) നടപടി സ്വീകരിച്ചു വരുന്നു.

ക്ഷേത്രങ്ങളുടെ കൈവശഭൂമി

1580. [2348] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ഷേത്രങ്ങളുടെ കൈവശഭൂമി അന്യാധീനപ്പെട്ടുപോകാതിരിക്കാൻ സർക്കാർ ഭൂമിക്കുള്ള സംരക്ഷണ നിയമം ദേവസ്വം ഭൂമിക്കും ബാധകമാക്കാൻ നിയമനടപടികൾ സ്വീകരിക്കാൻ ഉദ്ദേശമുണ്ടോ ;

(ബി) അതിന്റെ വിശദവിവരങ്ങൾ പറയാമോ ?

ഉത്തരം

(എ) ഇല്ല

(ബി) ഉദിക്കുന്നില്ല.

ക്ഷേത്രങ്ങളുടെ ഗ്രേഡ് നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം

1581. [2349] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡുവക ക്ഷേത്രങ്ങളുടെ ഗ്രേഡ് തിരിക്കുന്നത് എന്ത് മാനദണ്ഡത്തിലാണ് ;

(ബി) ദേവസ്വംബോർഡ് ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്ക്കരിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചു വരുന്നു.

(ബി) ദേവസ്വം ബോർഡാണ് ഈ കാര്യത്തിൽ നടപടി സ്വീകരിക്കേണ്ടത്.

ജഡ്ജിമാരുടെയും മുൻസിഫുമാരുടെയും ശിപായികൾ

1582. [2253] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എല്ലാ ജഡ്ജിമാർക്കും മുൻസിഫുമാർക്കും ഔദ്യോഗികാവശ്യങ്ങൾക്ക് രണ്ട് ശിപായിമാരുടെ സേവനം അനുവദിച്ചിട്ടുണ്ടോ ;

(ബി) ഇവരെക്കൊണ്ട് വീട്ട് ജോലികൾ ചെയ്യിക്കുന്നതായുള്ള പരാതികൾ ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(സി) ഇത്തരം പരാതി ഇല്ലാതാക്കാൻ ഗവൺമെൻറ് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly